"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പജപവവിവ - ദേശീയ പുനർ വായ്പ്പാ ഏജൻസികളിൽ നിന്നും വായ്പ ലഭിക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് അനുവദിച്ചിട്ടുള്ള സർക്കാർ ഗ്യാരണ്ടിയുടെ കാലാവധി നിലവിലുള്ള 5 വർഷത്തിൽ നിന്നും 20 വർഷമായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.330/2026/SCSTD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-
1. സ.ഉ (കൈ) നം 1/2025/SCSTD, തീയതി 04.01.2025
2. സ.ഉ (കൈ) നം 14/2025/SCSTD, തീയതി 26.04.2025
3. സ.ഉ (അച്ചടി) നം 5/2025/SCSTD, തീയതി 16.07.2025
4. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.10.2025 തീയതിയിലെ ബി3/1243/2010 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് സംസ്ഥാന ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനിൽ (എൻ.എസ്.എഫ്.ഡി.സി) നിന്നും വായ്പ്പ ലഭിക്കുന്നതിന്, 150 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി (100 കോടിയിൽ നിന്നും 250 കോടി രൂപയാക്കി വർദ്ധിപ്പിച്ച്) പരാമർശം (1) പ്രകാരവും, ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനിൽ (എൻ.എസ്.ടി.എഫ്.ഡി.സി) നിന്നും വായ്പ്പ ലഭിക്കുന്നതിന്, 10 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി (15 കോടിയിൽ നിന്നും 25 കോടി രൂപയാക്കി വർദ്ധിപ്പിച്ച്) പരാമർശം (2) പ്രകാരവും, ദേശീയ സഫായി കർമചാരി ധനകാര്യ വികസന കോർപ്പറേഷനിൽ (എൻ.എസ്.കെ.എഫ്.ഡി.സി) നിന്നും വായ്പ്പ ലഭിക്കുന്നതിന്, 50 കോടി രൂപയുടെ സർക്കാർ ഗ്യാരണ്ടി പരാമർശം (3) പ്രകാരവും അനുവദിച്ചിരുന്നു.

2) മേൽ ഉത്തരവുകൾ പ്രകാരം സർക്കാർ ഗ്യാരണ്ടി അനുവദിച്ചിട്ടുള്ളത് 5

വർഷ കാലയളവിലേയ്ക്കായിരുന്നു.

3) എന്നാൽ ഗ്യാരണ്ടിയുടെ കാലാവധി 5 വർഷമായി നിജപ്പെടുത്തിയിരിക്കുന്നതിനാൽ ടി ഗ്യാരണ്ടി ആദ്യ വർഷം 5 വർഷത്തേക്ക് ലഭിക്കുമെങ്കിലും ഓരോ വർഷം കഴിയും തോറും ഗ്യാരണ്ടിയുടെ കാലാവധി കുറഞ്ഞ് വരുമെന്നും, ഈ കാരണത്താൽ കോർപ്പറേഷന് **Term loan** പദ്ധതികൾ അനുവദിക്കുന്നതിന് ദേശീയ പുനർവായ്പാ ഏജൻസികൾ വിമുഖത പ്രകടിപ്പിക്കുന്നുണ്ടെന്നും, ആയതിനാൽ സർക്കാർ ഗ്യാരണ്ടിയുടെ കാലാവധി **20** വർഷമായി ഉയർത്തുകയോ അല്ലാത്ത പക്ഷം മേൽ ഗ്യാരണ്ടികൾ റിവോൾവിംഗ് വ്യവസ്ഥയിൽ അനുവദിക്കുകയോ ചെയ്യണമെന്ന് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം **(4)** പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ പുനർവായ്പാ ഏജൻസികളായ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.എഫ്.ഡി.സി), ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർ പ്പറേഷൻ (എൻ.എസ്.ടി.എഫ്.ഡി.സി) , ദേശീയ സഫായി കർമചാരി ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.കെ.എഫ്.ഡി.സി) എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് അനുവദിച്ചിട്ടുള്ള സംസ്ഥാന സർക്കാർ ഗ്യാരണ്ടിയുടെ കാലാവധി നിലവിലുള്ള **5** വർഷത്തിൽ നിന്നും **20** വർഷമായി ഉയർത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.
ചെയർമാൻ കം മാനേജിംഗ് ഡയറക്ടർ, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മുഖാന്തിരം).
ചെയർമാൻ കം മാനേജിംഗ് ഡയറക്ടർ, ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മുഖാന്തിരം).
മാനേജിംഗ് ഡയറക്ടർ, ദേശീയ സഫായി കർമചാരി ധനകാര്യ വികസന കോർപ്പറേഷൻ (കോർപറേഷൻ മാനേജിംഗ് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ (പി.യു ബി) വകുപ്പ് (**10.02.2026** തീയതിയിലെ **1146173/PU-B3/23/2019-Fin** പ്രകാരം).

പൊതുഭരണ (എസ്.സി) വകുപ്പ് **(10.03.2026** ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം.**3838)**

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Anil Kumar A

Date: 13-03-2026 15:38:54

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-03-2026

ഫയൽ നം. സി1/205/2025/പജപവവിവ. ഇനം നം: 3838

വിഷയം : പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് - ദേശീയ പുനർവായ്പാ ഏജൻസികളിൽ നിന്നും വായ്പ ലഭിക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് അനുവദിച്ചിട്ടുള്ള സംസ്ഥാന സർക്കാർ ഗ്യാരണ്ടിയുടെ കാലാവധി നിലവിലുള്ള 5 വർഷത്തിൽ നിന്നും 20 വർഷമായി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പ്.

10/03/2026
AS

V 2

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | സി1/205/2025/പജപവവിവ |
| 2 | വകുപ്പ് | പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ് |
| 3 | വിഷയം | ദേശീയ പുനർ വായ്പാ ഏജൻസികളിൽ നിന്നും വായ്പ ലഭിക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് അനുവദിച്ചിട്ടുള്ള സംസ്ഥാന സർക്കാർ ഗ്യാരണ്ടിയുടെ കാലാവധി നിലവിലുള്ള 5 വർഷത്തിൽ നിന്നും 20 വർഷമായി ഉയർത്തുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.03.2026 |
| 5 | i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അതെ |
| | ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. സിമി എ. എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ. എ. കൗശിഗൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 4.3.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. ഒ. ആർ. കേളു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ദേശീയ പുനർ വായ്പാ ഏജൻസികളായ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.എഫ്.ഡി.സി), ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.ടി.എഫ്.ഡി.സി), ദേശീയ സഫായി കർമചാരി ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.കെ.എഫ്.ഡി.സി) എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് അനുവദിച്ചിട്ടുള്ള സംസ്ഥാന സർക്കാർ ഗ്യാരണ്ടിയുടെ കാലാവധി നിലവിലുള്ള 5 വർഷത്തിൽ നിന്നും 20 വർഷമായി ഉയർത്തുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2) ദേശീയ പുനർ വായ്പാ ഏജൻസികളിൽ നിന്നും വായ്പ ലഭിക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരണ്ടികൾ, മന്ത്രിസഭയുടെ അനുമതിയോടെ ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു.

page ref ✓

i) സ.ഉ.(കൈ)നം.1/2025/SCSTD, തീയതി 04.01.2025 പ്രകാരം ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനിൽ (എൻ.എസ്.എഫ്.ഡി.സി) നിന്നും വായ്പ ലഭിക്കുന്നതിന് 150 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി

(നിലവിലുള്ള 100 കോടിയിൽ നിന്നും 250 കോടി രൂപയായി വർദ്ധിപ്പിച്ച്) അനുവദിച്ച് ഉത്തരവായിരുന്നു.

page 5 cf ii) സ.ഉ.(കൈ)നം.14/2025/SCSTD, തീയതി 26.04.2025 പ്രകാരം ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനിൽ (എൻ.എസ്.ടി.എഫ്.ഡി.സി) നിന്നും വായ്പ ലഭിക്കുന്നതിന് 10 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി (നിലവിലുള്ള 15 കോടിയിൽ നിന്നും 25 കോടി രൂപയായി വർദ്ധിപ്പിച്ച്) അനുവദിച്ച് ഉത്തരവായിരുന്നു.

page 9 cf iii) സ.ഉ.(അച്ചടി)നം.5/2025/SCSTD, തീയതി 16.07.2025 പ്രകാരം ദേശീയ സഫായി കർമചാരി ധനകാര്യ വികസന കോർപ്പറേഷനിൽ (എൻ.എസ്.കെ.എഫ്.ഡി.സി) നിന്നും വായ്പ ലഭിക്കുന്നതിന് 50 കോടി രൂപയുടെ സർക്കാർ ഗ്യാരണ്ടി അനുവദിച്ച് ഉത്തരവായിരുന്നു.

3) മേൽ ഉത്തരവുകൾ പ്രകാരം ഗ്യാരണ്ടി തുക അനുവദിച്ചിട്ടുള്ളത് 5 വർഷ കാലയളവിലേയ്ക്കായിരുന്നു.

4) എന്നാൽ ഗ്യാരണ്ടി തുകയുടെ കാലാവധി 5 വർഷം ആയി നിജപ്പെടുത്തിയിരിക്കുന്നതിനാൽ ടി ഗ്യാരണ്ടി ആദ്യ വർഷം 5 വർഷത്തേക്ക് ലഭിക്കുമെങ്കിലും ഓരോ വർഷം കഴിയും തോറും ഗ്യാരണ്ടിയുടെ കാലാവധി കുറഞ്ഞ്

വരുമെന്നും, ഈ കാരണത്താൽ കോർപ്പറേഷന് Term loan പദ്ധതികൾ അനുവദിക്കുന്നതിന് ദേശീയ പുനർവായ്പാ ഏജൻസികൾ വിമുഖത പ്രകടിപ്പിക്കുന്നുണ്ടെന്നും, ആയതിനാൽ സർക്കാർ ഗ്യാരണ്ടിയുടെ കാലാവധി 20 വർഷമായി ഉയർത്തുകയോ അല്ലാത്ത പക്ഷം മേൽ ഗ്യാരണ്ടികൾ റിവോൾവിംഗ് വ്യവസ്ഥയിൽ അനുവദിക്കുകയോ ചെയ്യണമെന്ന് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

5) മേൽ വിഷയത്തിൽ ധനകാര്യവകുപ്പ് ചുവടെ ചേർക്കും പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

"കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപറേഷന് ദേശീയ പുനർവായ്പാ ഏജൻസികളിൽ നിന്നും വായ്പ എടുക്കുന്നതിന് അനുവദിച്ച സർക്കാർ ഗ്യാരണ്ടിയുടെ കാലാവധി, 20 വർഷമായി ഉയർത്തുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ദേശീയ പുനർ വായ്പാ ഏജൻസികളായ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.എഫ്.ഡി.സി), ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.ടി.എഫ്.ഡി.സി), ദേശീയ സഫായി കർമചാരി ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.കെ.എഫ്.ഡി.സി) എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് അനുവദിച്ചിട്ടുള്ള സംസ്ഥാന സർക്കാർ ഗ്യാരണ്ടിയുടെ കാലാവധി നിലവിലുള്ള 5 വർഷത്തിൽ നിന്നും 20 വർഷമായി ഉയർത്തി നൽകാവുന്നതാണോ?

111

# GOVERNMENT OF KERALA

## (SHRI. PINARAYI VIJAYAN MINISTRY)

## NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | A3/171/2024/G.EDN |
| 2 | Department | : | General Education (A) Department |
| 3 | Subject | : | Post upgradtion of HSST Junior Malayalam to HSST in St. Thomas HSS Kadambanad, Pathanamthitta |
| 4 | Date of Chief Minister's order for placing before the Council | : | 27/02/2026 |
| 5 | (i) Does the case involve financial commitments/ implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance department has been consulted and their remarks incorporated in the Note for the Council? | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | NO |
| 7 | Name of Joint Secretary who submitted the Draft Note | : | Swapna P. |
| 8 | Name of Secretary who approved the Draft Note. | : | Dr. K.Vasuki |
| 9 | Date of approval of the Draft Note for the Council by the Secretary | : | |
| 10 | Name of Chief Secretary who approved the Draft Note | : | Dr.A.Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | |
| 12 | Name of Minister who approved the Draft Note | : | V.Sivankutty |
| 13 | Date of approval of the Draft Note for the Council by the Minister | : | |
| 14 | Date of submission of fair copies | : | |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O. /letter communicating the decision | : | |

## NOTE FOR THE COUNCIL OF MINISTERS

This note is regarding the upgrading of HSST (Junior) Malayalam post to HSST Malayalam post from 2017-2018 at St. Thomas HSS, Kadambanad, Pathanamthitta.

P-84 C/F

2. In the judgment dated 09/01/2025 on Writ Petition No.24888/2024 filed by Smt. Animol T. in the High Court of Kerala, it was ordered that the post held by the petitioner be considered as HSST Malayalam and the financial benefits accordingly be given to the petitioner within three months.

3. Posts were created for the batches allotted in the academic year 2014-15 vide G.O.(MS)No.106/2017/G.Edn dated 21/08/2017. As per the order, 3 HSST (Junior) posts (English, Malayalam, Commerce) and 3 HSST posts (Economics, Computer Applications, Commerce) have been allotted in St. Thomas HSS, Kadambanad. In the academic year 2015-16, as per the G.O.(MS)No.14/2019/G.Edn. dated 06/06/2019, the existing HSST (Junior) English post in the School has been upgraded and 2 HSST (Junior) posts (Hindi, Zoology), 3 HSST posts (Physics, Chemistry, Mathematics) and 2 Lab Assistant posts have been sanctioned.

P-36 C/F

4. As per the order No.420/2018/RDD/CNGR dated 08/06/2018 of the Regional Deputy Director, Chengannur has been given statutory

approval of Smt. Animol T. as HSST Junior Malayalam from 01/01/2018.

5. The number of children who chose Malayalam as a secondary language in the schools from 2017-18 to 2024-25 is given below.

| 2017-18 | | 2018-19 | | 2019-20 | | 2020-21 | | 2021-22 | | 2022-23 | | 2023-24 | | 2024-25 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| XI | XII | XI | XII | XI | XII | XI | XII | XI | XII | XI | XII | XI | XII | XI | XII |
| 79 | 52 | 70 | 79 | 68 | 67 | 77 | 76 | 74 | 77 | 68 | 69 | 69 | 68 | 65 | 69 |

6. When examining the number of children who have chosen Malayalam as a secondary language in the the school from 2017-18 to 2023-24 based on the report of the education officers and the ICT Cell report, it appears that there is a workload for upgrading the HSST (Junior) Malayalam post to HSST Malayalam.

7. As per definitions (d) and (e) of Rule-1 of Chapter XXXII of the Kerala Education Rules applicable to Higher Secondary appointments, Higher Secondary teachers with a workload of more than 15 periods per week should be considered as Higher Secondary School Teachers (HSST) and if the workload is less than 15 periods per week, then they should be considered as HSST (Junior) and posts should be allotted. Therefore, if the workload is found to be more than 15 hours, the HSST (Junior) Malayalam post can be upgraded to HSST Malayalam.

8. The Director of General Education has reported that when the HSST (Junior) Malayalam post is upgraded to HSST Malayalam, an additional financial burden of Rs. 1,32,480/- (Rupees One Lakh Thirty Two Thousand Four Hundred Eighty Only) will arise annually.

9. The Finance Department commented as follows.

"കടമ്പനാട് സെന്റ് തോമസ് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം തസ്തിക 2017-18 മുതൽ എച്ച്.എസ്.എസ്.റ്റി. (മലയാളം) ആയി അപ്ഗ്രേഡ് ചെയ്യാവുന്നതും ടി സ്കൂളിലെ അദ്ധ്യാപിക ശ്രീമതി അനിമോൾ റ്റി.യ്ക്ക് 15/07/2018 മുതൽ നോഷണലായി നിയമനാംഗീകാരം നൽകി ഉത്തരവ് തീയതി പ്രാബല്യത്തിൽ സാമ്പത്തിക ആനുകൂല്യം നൽകിക്കൊണ്ട് ഡബ്ല്യുപി(സി)നം.24888/2024 നമ്പർ കേസിന്റെ 09/01/2025 ലെ വിധിന്യായം നടപ്പിലാക്കാവുന്നതുമാണെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.

മേൽ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

10.Further, on examining the number of students who opted Malayalam as an optional subject at St. Thomas HSS, Kadambanad from 2017-18 to 2023-24, along with the reports of the Educational Officers and the ICT Cell report, it is evident that there is sufficient workload to upgrade the post of HSST (Junior) Malayalam as HSST (Malayalam). Since concurrence of the Finance Department has also been obtained for upgrading the post, the file was submitted seeking orders as to whether

the matter may be placed before the Council of Ministers for consideration. The Hon'ble Chief Minister has ordered that the matter be placed before the Council of Ministers for consideration.

37 NF

## POINT FOR DECISION

Whether the post of HSST (Junior) Malayalam at St. Thomas HSS, Kadambanad may be upgraded as HSST (Malayalam) with effect from 2017-18 onwards, notional appointment approval may be granted to Smt. Animol T. in the HSST post with effect from 15/07/2018 ~~and~~ granting monetary benefits ~~may be granted~~ from the date of Government Order, and the judgment dated 09/01/2025 in WP(C)No.24888/2024 of the Hon'ble High Court may be implemented accordingly.

28/2/26

28/2/26

28/2/26

28/2

28.2.26

4.3.2026

3.3.26